## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം -ആ.വ.ഡ – ജീവനക്കാര്യം - ശ്രീമതി.സ്മിത എം. സീനിയർ ഒപ്റ്റോമെടിസ്റ്റ്, താലൂക്ക് ആസ്ഥാന ആശുപത്രി, പുളിങ്കുന്ന്, ആലപ്പുഴ- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 934/26 നമ്പർ കേസിന്റെ അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം.OA No.934/2026/ കേസിലെ 12/06/26 തീയതിയിലെ ഉത്തരവ്

2. ഉത്തരവ് നം.ഇ എഫ്4-21972/2025/ആ.വഡ. തീയതി.09/06/2025.

3. ഉത്തരവ് നം.ഇ എഫ്4-21972/2025/ആ.വഡ. തീയതി. 10/06/2025.

**ഉത്തരവ് നം.നം ഇ എഫ്4-13038/2026 /ആവഡ.# ApprovedDate#**

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സീനിയർ ഒപ്റ്റോമെടിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.സ്മിത എം. നെ സൂചന (2) ഉത്തരവ് പ്രകാരം ജില്ലാ ഒഫ്താൽമിക് കോ-ഓർഡിനേറ്റർ തസ്തികയിൽ വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു.

ഈ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 934/2026 നമ്പർ കേസിൽ രണ്ടാം എതിർ കക്ഷിയായ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് 'Applicant seeks an early consideration of Annexure A9, accordingly the 2nd respondent is directed to consider and pass orders on Annexure A9 within a period of three weeks from the date of receipt of the copy of the order after hearing the applicant and other stakeholders' എന്ന നിർദ്ദേശം ലഭിച്ചിരുന്നു.

ജീവനക്കാരി സമർപ്പിച്ച Annexure A9 അപേക്ഷ പരിശോധിച്ചതിൽ ടിയാൾ

31/05/2027-ൽ സർവീസിൽ നിന്നും വിരമിക്കുന്നതിനാൽ ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ജില്ലാ ഒഫ്ത്താൽമിക് കോ-ഓർഡിനേറ്റർ ഓപ്പൺ വേക്കൻസിയിൽ നിയമിക്കണമെന്നും, സൂചന (2) ഉത്തരവിൽ ആലപ്പുഴ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെട്ട ശ്രീമതി.ജീന ബീഗം എം.എൽ, കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെട്ട ശ്രീമതി.അജിത കെ. സൂചന (3) ഉത്തരവിൽ കോട്ടയം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെട്ട ശ്രീമതി.കവിത പി, എന്നിവർ അതാത് സ്റ്റേഷനുകളിൽ ഒരു വർഷത്തിൽ താഴെ മാത്രമേ സർവീസ് പൂർത്തീകരിച്ചിട്ടുള്ളവരാണ് എന്നും, ഇവർ 3 പേരും തന്നേക്കാൾ കൂടുതൽ കാലം രണ്ടും, മൂന്നും വർഷത്തോളം സർവീസ് കാലം ബാക്കിയുള്ളവരുമാണ് എന്നും, ടിയാൾക്ക് ശേഷം സർവീസിൽ നിന്നും വിരമിക്കുന്നവരാണ് മൂന്നുപേരും എന്നും അപേക്ഷ നൽകിയിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ കേസിൽ കക്ഷി ആയിട്ടുള്ളവരെ നേരിൽ കേൾക്കുന്നതിനായി 30.06.2026 തീയതി രാവിലെ 11 മണിക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ക്ഷണിക്കുകയും കേസ് ഫയൽ ചെയ്യപ്പെട്ട ശ്രീമതി സ്മിത. എം നേയും കേസിൽ കക്ഷി ചേർത്തിട്ടുള്ള ശ്രീമതി.ജീന ബീഗം എം.എൽ, ശ്രീമതി.അജിത.കെ, ശ്രീമതി.കവിത.പി എന്നിവരെ കേൾക്കുകയും ചെയ്തിരുന്നു. ശ്രീമതി സ്മിത. എം 31/05/2027-ൽ സർവീസിൽ നിന്നും വിരമിക്കുന്നതിനാൽ ആലപ്പുഴ ജില്ല പരിഗണിക്കണമെന്നും കേസിൽ പരാമർശിച്ചിട്ടുള്ള മറ്റു കക്ഷികൾക്ക് രണ്ടും, മൂന്നും വർഷത്തോളം സർവീസ് കാലം ബാക്കിയുള്ളവരുമാണ് എന്നും, ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും സത്യപ്രസ്താവന ചെയ്യുകയുണ്ടായി.

ശ്രീമതി.ജീനബീഗം.എം.എൽ, ശ്രീമതി.അജിത കെ, ശ്രീമതി.കവിത എന്നിവരും ജില്ലാ ഒഫ്ത്താൽമിക് കോ ഓർഡിനേറ്റർ തസ്തികയിൽ ഒരു വർഷത്തോളം മറ്റു ജില്ലയിൽ സേവനമനുഷ്ഠിച്ചശേഷമാണ് നിലവിൽ ഉണ്ടായ ഓപ്പൺ വേക്കൻസിയിൽ സ്ഥലം മാറ്റം ആവശ്യപ്പെട്ടതെന്നും, മറ്റ് ശാരീരിക ബുദ്ധിമുട്ടുകളും, കുടുംബ സാഹചര്യങ്ങളും ഉണ്ടെന്നും ആയതിനാൽ സ്ഥലം മാറ്റം ലഭിച്ച സ്ഥലത്തിൽ തന്നെ നിലനിർത്തണം എന്നും പരാമർശിച്ച് മൂന്നു ജീവനക്കാരും സത്യപ്രസ്താവന ചെയ്യുകയുണ്ടായി.

ശ്രീമതി.സ്മിത.എം.ന്, സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ നിന്നും ജില്ലാ ഒഫ്ത്താൽമിക് കോ-ഓർഡിനേറ്റർ ആയി സ്ഥാനക്കയറ്റം നൽകിയാണ് വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിയമനം നൽകിയത്. ജീവനക്കാരിയ്ക്ക് ഒപ്പം സ്ഥാനക്കയറ്റം നൽകിയ ആർക്കും തന്നെ വിരമിക്കൽ മാനദണ്ഡത്തിന്റെ

അടിസ്ഥാനത്തിൽ അനുയോജ്യമായ നിയമനം നൽകിയിട്ടില്ല. നിലവിൽ ജില്ലാ ഒഫ്ത്താൽമിക് കോ-ഓർഡിനേറ്റർ തസ്തികയിൽ സേവനം ചെയ്തു വരുന്ന ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ചാണ് ടിയാൾ കേസിൽ കക്ഷി ചേർത്തിട്ടുള്ള വ്യക്തികൾക്ക് സ്ഥലംമാറ്റം നൽകിയത്. നിലവിലെ മാനദണ്ഡപ്രകാരം ഒരു തസ്തികയിൽ സേവനത്തിൽ തുടരുന്നവരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിച്ച ശേഷം മാത്രമേ സ്ഥാനക്കയറ്റം നൽകുന്നവർക്ക് അർഹതയു ണ്ടായിരിക്കുകയുള്ളു. ആയതിനാൽ ശ്രീമതി.സ്മിത.എം-ന്റെ Annexure A9 അപേക്ഷ പരിഗണിക്കാനാവുന്നതല്ല എന്നു കാണുന്നു.

ഇപ്രകാരം പരാമർശം (1) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണ ലിന്റെ OA 934/26 നമ്പർ കേസിലെ വിധിന്യായം അനുപാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 06-07-2026
21:11:31

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ (മേലധികാരി മുഖേന).

1. അഡ്വക്കേറ്റ് ജനറൽ (കേരള), തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ, കോട്ടയം, കൊല്ലം
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ